# ക്രിസ്തുവിനെ അനുഭവമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക (4)

ദൂത് രണ്ട്

## മരണത്തിന്റെയും പാതാളത്തിന്റെ താക്കോലുകളുള്ള ക്രിസ്തു

RK *Hymns*: ML141, ML185

തിരുവെഴുത്തു വായന: വെളി. 1:17-18; 10:7; 12:11; 15:1, 8; പ്രവൃ. 2:24; ഫിലി. 3:10-11

വെളി. 1:17 അവനെ കണ്ടപ്പോൾ, ഞാൻ മരിച്ചവനെപ്പോലെ അവന്റെ കാൽക്കൽ വീണു; അവനോ തന്റെ വലം കൈ എന്റെമേൽ വച്ചു പറഞ്ഞത്, ഭയപ്പെടേണ്ട; ഞാൻ ഒന്നാമത്തവനും ഒടുക്കത്തവനും

വെളി. 1:18 ജീവനുള്ളവനും ആകുന്നു; ഞാൻ മരിച്ചവനായിത്തീർന്നു, ഇതാ എന്നെന്നേക്കും ജീവിക്കുന്നു; മരണത്തിന്റെയും പാതാളത്തിന്റെയും താക്കോലുകൾ എന്റെ കൈവശമുണ്ട്.

വെളി. 10:7 എന്നാൽ ഏഴാമത്തെ ദൂതന്റെ നാദത്തിന്റെ നാളുകളിൽ, അവൻ കാഹളം ഊതുവാൻ പോകുമ്പോൾ, ദൈവം തന്റെ സ്വന്തം അടിമകളായ പ്രവാചകന്മാർക്കും സുവാർത്ത അറിയിച്ചതുപോലെ, ദൈവത്തിന്റെ മർമം, പൂർത്തിയായി.

വെളി. 12:11 അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായും ജയിച്ചു, മരണത്തോളം തങ്ങളുടെ ദേഹിജീവനെ സ്നേഹിച്ചതുമില്ല.

വെളി. 15:1 പിന്നെ ഞാൻ വലുതും അത്ഭുതകരവുമായ, മറ്റൊരു അടയാളം സ്വർഗത്തിൽ കണ്ടു, അവസാനത്തെ ഏഴു ബാധകൾ ഉള്ള ഏഴു ദൂതന്മാരെത്തന്നെ; അവയിൽ ദൈവകോപം അവസാനിച്ചു.

വെളി. 15:8 ദൈവാലയം ദൈവതേജസ്സിൽനിന്നും അവന്റെ ശക്തിയിൽനിന്നുമുള്ള പുകകൊണ്ടു നിറഞ്ഞു, ഏഴു ദൂതന്മാരുടെ ഏഴു ബാധകൾ തീരുവോളം ആർക്കും ദൈവാലയത്തിലേക്കു പ്രവേശിക്കുവാൻ കഴിഞ്ഞില്ല.

പ്രവൃ. 2:24 മരണത്തിന് അവനെ പിടിച്ചുവയ്ക്കുവാൻ അസാധ്യമായിരുന്നതിനാൽ, മരണയാതനകൾ അഴിച്ചുകൊണ്ട് ദൈവം അവനെ ഉയിർപ്പിച്ചു.

ഫിലി. 3:10 അവന്റെ മരണത്തോട് അനുരൂപപ്പെട്ടുകൊണ്ട്, അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിഞ്ഞ്,

ഫിലി. 3:11 മരിച്ചവരിൽ നിന്നുള്ള വിശേഷ പുനരുത്ഥാനം ഞാൻ എങ്ങനെയെങ്കിലും പ്രാപിക്കേണ്ടതിന്, അവൻ നിമിത്തം ഞാൻ സകലത്തിന്റെയും നഷ്ടം സഹിച്ച് അവ ചവറെന്ന് എണ്ണുന്നു.

**I. "ഞാൻ ഒന്നാമത്തവനും ഒടുക്കത്തവനും ജീവനുള്ളവനും ആകുന്നു"—വെളി. 1:17-18:**

A. ക്രിസ്തു ഒന്നാമത്തവനും ഒടുക്കത്തവനും ആകുന്നു എന്നത് അവൻ ആരംഭിച്ചിരിക്കുന്നത് അവൻ നിവർത്തിക്കുമെന്ന് സൂചിപ്പിക്കുന്നു.

B. കർത്താവായ യേശു ഒന്നാമത്തവൻ മാത്രമല്ല, പിന്നെയോ ആരംഭവും, ഒടുക്കത്തവൻ മാത്രമല്ല, പിന്നെയോ അവസാനവും ആകുന്നു—21:6; 22:13:

വെളി. 21:6 അവൻ എന്നോട്, അവ സംഭവിച്ചുതീർന്നു. ഞാൻ അൽഫയും ഓമേഗയും, ആദിയും അന്തവും ആകുന്നു. ദാഹിക്കുന്നവനു സൗജന്യമായി ജീവജലത്തിന്റെ ഉറവിൽനിന്നു ഞാൻ നൽകും.

വെളി. 22:13 ഞാൻ അൽഫയും ഓമേഗയും, ഒന്നാമത്തവനും ഒടുക്കത്തവനും, ആദിയും അന്തവും ആകുന്നു.

1. *ഒന്നാമത്തവൻ* എന്നത് അവനു മുമ്പിൽ ആരും ഇല്ലെന്നും, *ഒടുക്കത്തവൻ* എന്നത് അവനു ശേഷം ആരും ഇല്ലെന്നും സൂചിപ്പിക്കുന്നു.

2. *ആരംഭം* എന്നത് അവൻ ആകുന്നു എല്ലാ കാര്യങ്ങളുടെയും തുടക്കംകുറിച്ചവനെന്നും, *അവസാനം* എന്നത് അവൻ ആകുന്നു എല്ലാ കാര്യങ്ങളുടെയും പരിണതിയെന്നും സൂചിപ്പിക്കുന്നു.
3. കർത്താവായ യേശുവിന് മുമ്പോ ശേഷമോ ഒന്നുമില്ലെന്നു മാത്രമല്ല, അവനെക്കൂടാതെ ഒരു ഉത്ഭവമോ പരിണതിയോ ഇല്ലെന്നുമാണ് ഇവിടെയുള്ള സൂചന.

C. ക്രിസ്തു ഒന്നാത്തവനും ഒടുക്കത്തവനും മാത്രമല്ല, ആരംഭവും അവസാനവുമാണ്; സഭാജീവിതം ആരംഭിച്ചവനെന്ന നിലയിൽ, അവൻ അത് തീർച്ചയായും നിവർത്തിക്കുമെന്ന് ഇത് നമുക്ക് ഉറപ്പുനൽകുന്നു—പ്ര.നി. 2 തിമൊ. 4:5:

2 തിമൊ. 4:5 എന്നാൽ നീ, എല്ലാ കാര്യത്തിലും സുബോധമുള്ളവൻ ആയിരിക്കുക, തിന്മ സഹിക്കുക, സുവിശേഷകന്റെ വേല ചെയ്യുക, നിന്റെ ശുശ്രൂഷ പൂർണമായി നിർവഹിക്കുക.

1. കർത്താവായ യേശു ഒരിക്കലും തന്റെ പ്രവൃത്തി പൂർത്തിയാക്കാതെ വിടില്ല—വെളി. 10:7; 15:1, 8.

വെളി. 10:7 എന്നാൽ ഏഴാമത്തെ ദൂതന്റെ നാദത്തിന്റെ നാളുകളിൽ, അവൻ കാഹളം ഊതുവാൻ പോകുമ്പോൾ, ദൈവം തന്റെ സ്വന്തം അടിമകളായ പ്രവാചകന്മാർക്കും സുവാർത്ത അറിയിച്ചതുപോലെ, ദൈവത്തിന്റെ മർമം, പൂർത്തിയായി.

വെളി. 15:1 പിന്നെ ഞാൻ വലുതും അത്ഭുതകരവുമായ, മറ്റൊരു അടയാളം സ്വർഗത്തിൽ കണ്ടു, അവസാനത്തെ ഏഴു ബാധകൾ ഉള്ള ഏഴു ദൂതന്മാരെത്തന്നെ; അവയിൽ ദൈവകോപം അവസാനിച്ചു.

വെളി. 15:8 ദൈവാലയം ദൈവതേജസ്സിൽനിന്നും അവന്റെ ശക്തിയിൽനിന്നുമുള്ള പുകകൊണ്ടു നിറഞ്ഞു, ഏഴു ദൂതന്മാരുടെ ഏഴു ബാധകൾ തീരുവോളം ആർക്കും ദൈവാലയത്തിലേക്കു പ്രവേശിക്കുവാൻ കഴിഞ്ഞില്ല.

2. കർത്താവായ യേശുവാണ് ആരംഭവും അവസാനവുമെന്ന് എല്ലാ സ്ഥലം സഭകളും വിശ്വസിക്കണം.
3. തന്റെ പ്രത്യുദ്ധാരത്തിൽ അവൻ ആരംഭിച്ചത് അവൻ നിവർത്തിക്കും.

D. സഭകളുടെ തലയായവനും, സഭകളുടെ ഉടമസ്ഥനുമായവനുമായ, സഭകളുടെ മധ്യേ നടക്കുന്നവൻ ജീവനുള്ളവനാണ്; തന്മൂലം, ശരീരത്തിന്റെ ആവിഷ്കാരമായ സഭകളും ജീവനുള്ളതും, പുതുമയുള്ളതും, ശക്തവുമായിരിക്കണം—2:1.

വെളി. 2:1 എഫെസൊസിലുള്ള സഭയുടെ ദൂതന് എഴുതുക: തന്റെ വലം കൈയിൽ ഏഴു നക്ഷത്രങ്ങൾ പിടിച്ചുംകൊണ്ട് ഏഴു പൊൻനിലവിളക്കുകളുടെ മധ്യേ, നടക്കുന്നവൻ അരുളിച്ചെയ്യുന്നു:

## II. "ഞാൻ മരിച്ചവനായിത്തീർന്നു, ഇതാ, എന്നെന്നേക്കും ജീവിക്കുന്നു"—1:18:

A. കർത്താവ് മരണം സഹിക്കുകയും വീണ്ടും ജീവിക്കുകയും ചെയ്തു—2:8.

വെളി. 2:8 സ്മുർന്നയിലുള്ള സഭയുടെ ദൂതന് എഴുതുക: മരിച്ചവനായിത്തീർന്നിട്ട് വീണ്ടും ജീവിച്ച, ഒന്നാമത്തവനും ഒടുക്കത്തവനുമായവൻ അരുളിച്ചെയ്യുന്നു:

B. ക്രിസ്തു മരണത്തിലേക്ക് പ്രവേശിച്ചു, എന്നാൽ അവൻ പുനരുത്ഥാനമായതുകൊണ്ട് (യോഹ. 11:25) മരണത്തിന് അവനെ പിടിച്ചുവയ്ക്കുവാൻ കഴിഞ്ഞില്ല (പ്രവൃ. 2:24).

പ്രവൃ. 2:24 മരണത്തിന് അവനെ പിടിച്ചുവയ്ക്കുവാൻ അസാധ്യമായിരുന്നതിനാൽ, മരണയാതനകൾ അഴിച്ചുകൊണ്ട്

ദൈവം അവനെ ഉയിർപ്പിച്ചു.

യോഹ. 11:25 — യേശു അവളോട്, ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിലേക്ക് വിശ്വസിക്കുന്നവൻ മരിക്കേണ്ടിവന്നാലും, ജീവിക്കും;

C. പുനരുത്ഥാനം കർത്താവിന്റെ ദിവസങ്ങളുടെ നീട്ടിക്കൊടുക്കലാണ്; അവൻ തന്റെ പുനരുത്ഥാനത്തിൽ എന്നേക്കും നിലനിൽക്കും:

1. ഇന്ന് യേശു ക്രിസ്തു ജീവനുള്ളവൻ, പുനരുത്ഥാനത്തിലുള്ളവൻ ആണ്.
2. ക്രിസ്തു ജീവൻ പകരണമെങ്കിൽ, അവൻ ജീവനുള്ളവനായിരിക്കണം.

D. ക്രിസ്തു ജീവനുള്ളവനായിരിക്കുന്നതിന്റെ പ്രാധാന്യം, അവൻ എന്നേക്കും ജീവിക്കുന്നവനും നമ്മിൽ ജീവിക്കുന്നവനും ആകുന്നു എന്നതാണ്:

1. നാം എല്ലാത്തരം മരണത്തെയും വിട്ട് ജീവനുള്ള സഭയായി എഴുന്നേൽക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു.
2. നാം എത്രത്തോളം ജീവനുള്ളവരാകുന്നുവോ അത്രത്തോളം നാം ജീവനുള്ള യേശുവിന്റെ സാക്ഷ്യമാണ്—വെളി. 12:11.

വെളി. 12:11 — അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായും ജയിച്ചു, മരണത്തോളം തങ്ങളുടെ ദേഹിജീവനെ സ്നേഹിച്ചതുമില്ല.

## III. "അതിൽ അവൻ [ക്രിസ്തു] പോയി തടവിലുള്ള ആത്മാക്കളോട് പ്രഖ്യാപിക്കുകയും ചെയ്തു"—1 പത്രൊ. 3:19:

A. ഇവിടെ *ആത്മാക്കൾ* എന്നത് പാതാളത്തിൽ പിടിച്ചുവച്ചിരിക്കുന്ന മരിച്ചുപോയ മനുഷ്യരുടെ ശരീരരഹിതമായ ആത്മാക്കളെയല്ല, പിന്നെയോ നോഹയുടെ കാലത്ത് അനുസരണക്കേടിലൂടെ വീണുപോയവരും മഹാദിനത്തിലെ ന്യായവിധിക്കായി കാത്തിരുന്നുകൊണ്ട് ഇരുണ്ട ഗർത്തങ്ങളിൽ തടവിലാക്കപ്പെട്ടിരുന്നവരുമായ ദൂതന്മാരെ (ദൂതന്മാർ ആത്മാക്കളാണ്—എബ്രാ. 1:14) സൂചിപ്പിക്കുന്നു—2 പത്രൊ. 2:4-5; യൂദാ 6.

എബ്രാ. 1:14 — അവർ എല്ലാവരും രക്ഷ അവകാശമാക്കുവാനിരിക്കുന്നവരുടെ സേവനത്തിനായി അയച്ചിരിക്കുന്ന സേവകാത്മാക്കൾ അല്ലയോ?

2 പത്രൊ. 2:4 — പാപം ചെയ്ത ദൂതന്മാരെ ദൈവം അവശേഷിപ്പിക്കാതെ, താർതാറോസിലേക്ക് തള്ളിയിട്ട്, അവരെ, ന്യായവിധിക്കായി സൂക്ഷിച്ചു കൊണ്ട്, ഇരുണ്ട ഗർത്തത്തിന് ഏൽപ്പിക്കുകയും;

2 പത്രൊ. 2:5 — പുരാതന ലോകത്തെ അവശേഷിപ്പിക്കാതെ, ഭക്തികെട്ടവരുടെ ലോകത്തിന്മേൽ അവൻ ജലപ്രളയം കൊണ്ടുവന്നപ്പോൾ, നീതിഘോഷകനായ, നോഹയെ ഏഴു പേരൊടൊപ്പം കാക്കുകയും;

യൂദാ. 1:6 — തങ്ങളുടെ സ്വന്തം വാഴ്ച്ച കാത്തുസൂക്ഷിക്കാതെ തങ്ങളുടെ സ്വന്ത വാസസ്ഥലം ഉപേക്ഷിച്ച ദൂതന്മാരെയും, മഹാദിവസത്തിലെ ന്യായവിധിക്കായി ഇരുളിൻ കീഴിൽ നിത്യബന്ധനങ്ങളിൽ അവൻ സൂക്ഷിച്ചുവച്ചിരിക്കുന്നു;

B. ജഡത്തിലുള്ള തന്റെ മരണത്തിനുശേഷം, ക്രിസ്തു തന്റെ ദിവ്യത്വമായ തന്റെ ജീവനുള്ള ആത്മാവിൽ ഈ മത്സരികളായ ദൂതന്മാരുടെ അടുക്കൽ, ദൈവം ക്രിസ്തുവിലുള്ള തന്റെ ജഡാവതാരത്തിലൂടെയും ജഡത്തിലെ ക്രിസ്തുവിന്റെ മരണത്തിലൂടെയും ദിവ്യ പദ്ധതിയെ താറുമാറാക്കുവാനുള്ള സാത്താന്റെ തന്ത്രത്തിന്മേൽ നടപ്പാക്കിയ ദൈവത്തിന്റെ ജയത്തെ പ്രഖ്യാപിക്കുവാനായി പോയി.

C. *തടവറ* (1 പത്രൊ. 3:19) എന്നത് വീണുപോയ ദൂതന്മാരെ സൂക്ഷിച്ചിരിക്കുന്ന ആഴമുള്ള ഇരുണ്ട ഗർത്തങ്ങളായ താർതാറോസിനെ സൂചിപ്പിക്കുന്നു.

| | |
|---|---|
| 1 പത്രൊ. 3:19 | അതിൽ അവൻ പോയി തടവറയിലുള്ള ആത്മാക്കളോടു പ്രഖ്യാപിക്കുകയും ചെയ്തു, |

## IV. “ആകാശത്തുനിന്ന് ഒരു നക്ഷത്രം ഭൂമിയിൽ വീണുകിടക്കുന്നത് ഞാൻ കണ്ടു, അവന് അഗാധകൂപത്തിന്റെ താക്കോൽ നൽകി”—വെളി. 9:1-2; 11:7; 17:8; 20:1, 3:

| | |
|---|---|
| വെളി. 9:2 | അവൻ അഗാധകൂപം തുറന്നു, വലിയ തീച്ചൂളയുടെ പുകപോലെ കൂപത്തിൽനിന്ന് പുക പൊങ്ങി; കൂപത്തിന്റെ പുകയാൽ സൂര്യനും വായുവും ഇരുണ്ടുപോയി. |
| വെളി. 11:7 | തങ്ങളുടെ സാക്ഷ്യം അവർ പൂർത്തിയാക്കിയപ്പോൾ, അഗാധത്തിൽനിന്നു കയറിവരുന്ന മൃഗം അവരോട് യുദ്ധം ചെയ്യുകയും അവരെ ജയിക്കുകയും കൊല്ലുകയും ചെയ്യും. |
| വെളി. 17:8 | നീ കണ്ട മൃഗം ഉണ്ടായിരുന്നതും, ഇപ്പോൾ ഇല്ലാത്തതും, അഗാധത്തിൽനിന്ന് കയറിവന്നു നാശത്തിലേക്കു പോകാനിരിക്കുന്നതും ആകുന്നു. ഉണ്ടായിരുന്നവനും ഇപ്പോൾ ഇല്ലാത്തവനും വരുവാനിരിക്കുന്നവനുമായ മൃഗത്തെ, ലോകസ്ഥാപനം മുതൽ ജീവപുസ്തകത്തിൽ പേർ എഴുതിയിട്ടില്ലാത്ത ഭൂവാസികൾ കാണുമ്പോൾ ആശ്ചര്യപ്പെടും. |
| വെളി. 20:1 | പിന്നെ ഞാൻ, കൈയിൽ അഗാധത്തിന്റെ താക്കോലും വലിയ ചങ്ങലയുമുള്ള ഒരു ദൂതൻ സ്വർഗത്തിൽനിന്ന് ഇറങ്ങിവരുന്നതു കണ്ടു. |
| വെളി. 20:3 | ആയിരം സംവത്സരം പൂർത്തിയാകുന്നതുവരെ രാഷ്ട്രങ്ങളെ ഇനിമേൽ വഞ്ചിക്കാതിരിക്കേണ്ടതിന്, അവനെ അഗാധത്തിലേക്ക് എറിയുകയും അതിനെ അടച്ച് അവനു മീതെ അതിനെ മുദ്രയിടുകയും ചെയ്തു; ഈ കാര്യങ്ങൾക്കുശേഷം അവനെ അൽപനേരത്തേക്ക് അഴിച്ചു വിടേണ്ടതാകുന്നു. |

A. വെളിപ്പാട് 9:1-ലെ നക്ഷത്രം ആകാശത്തിൽനിന്ന് ഭൂമിയിലേക്ക് തള്ളിക്കളയപ്പെടുവാൻ പോകുന്ന സാത്താനെ സൂചിപ്പിക്കുന്നു:

| | |
|---|---|
| വെളി. 9:1 | അഞ്ചാമത്തെ ദൂതൻ കാഹളം ഊതി, ആകാശത്തുനിന്ന് ഒരു നക്ഷത്രം ഭൂമിയിൽ വീണുകിടക്കുന്നതു ഞാൻ കണ്ടു, അവന് അഗാധകൂപത്തിന്റെ താക്കോൽ നൽകി. |

1. ദൂതന്മാരെ നക്ഷത്രങ്ങളോട് ഉപമിച്ചിരിക്കുന്നു—ഇയ്യോ. 38:7; വെളി. 12:4.

| | |
|---|---|
| ഇയ്യോ. 38:7 | അതിന്റെ അടിസ്ഥാനം ഏതിന്മേൽ ഉറപ്പിച്ചു? അല്ല, അതിന്റെ മൂലക്കല്ലിട്ടവൻ ആർ? |
| വെളി. 12:4 | അവന്റെ വാൽ സ്വർഗത്തിലെ നക്ഷത്രങ്ങളുടെ മൂന്നാം ഭാഗത്തെ വലിച്ച് അവയെ ഭൂമിയിലേക്ക് എറിഞ്ഞുകളഞ്ഞു. സ്ത്രീ പ്രസവിക്കുമ്പോൾ അവളുടെ കുഞ്ഞിനെ വിഴുങ്ങേണ്ടതിന് വ്യാളി പ്രസവിക്കാറായ സ്ത്രീയുടെ മുമ്പിൽ നിന്നു. |

2. പ്രധാനദൂതനായ സാത്താൻ ശുക്രൻ ആയിരുന്നു—യെശ. 14:12.

| | |
|---|---|
| യെശ. 14:12 | അരുണോദയപുത്രനായ ശുക്രാ, നീ എങ്ങനെ ആകാശത്തുനിന്നു വീണു! ജാതികളെ താഴ്ത്തിക്കളഞ്ഞവനേ, നീ എങ്ങനെ വെട്ടേറ്റു നിലത്തു വീണു! |

B. “ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് മുകളിലേക്ക് കൊണ്ടുവരാൻ അഗാധത്തിലേക്ക് ആർ ഇറങ്ങിച്ചെല്ലും?”—റോമ. 10:7:

1. “അഗാധം” എന്ന് വിവർത്തനം ചെയ്തിരിക്കുന്ന യവനപദം *അബിസോസ്* ആണ്.
2. ലൂക്കൊസ് 8:31-ൽ ഭൂതങ്ങളുടെ വാസസ്ഥലത്തെ പരാമർശിക്കുന്നതിന് ഈ പദം ഉപയോഗിച്ചിരിക്കുന്നു—വാ. 27, 33, 35, 38.

| | |
|---|---|
| ലൂക്കൊ. 8:31 | തങ്ങളോട് അഗാധത്തിലേക്കു പിൻവാങ്ങുവാൻ ആജ്ഞാപിക്കരുതെന്ന് അവർ അവനോട് അഭ്യർഥിച്ചു. |
| ലൂക്കൊ. 8:27 | അവൻ പുറത്തു കരയിലേക്കു വന്നപ്പോൾ, പട്ടണത്തിൽനിന്ന് ഭൂതങ്ങൾ ഉള്ള ഒരു മനുഷ്യൻ അവനെ കണ്ടുമുട്ടി. അവൻ ഗണ്യമായ കാലം വസ്ത്രം ധരിച്ചിട്ടില്ലായിരുന്നു, അവൻ വീട്ടിൽ തങ്ങാതെ കല്ലറകളുടെ ഇടയിൽ പാർത്തിരുന്നു. |
| ലൂക്കൊ. 8:33 | ആ മനുഷ്യനിൽനിന്ന് ഭൂതങ്ങൾ പുറത്തുവന്നു പന്നികളിലേക്കു പ്രവേശിക്കുകയും, ആ കൂട്ടം മലഞ്ചെരിവിലൂടെ താഴെ തടാകത്തിലേക്കു പാഞ്ഞ്, മുങ്ങിച്ചാകുകയും ചെയ്തു. |
| ലൂക്കൊ. 8:35 | സംഭവിച്ചതു കാണുവാൻ ജനം പുറപ്പെട്ടുപോയി. അവർ യേശുവിന്റെ അടുക്കൽ വന്നു ഭൂതങ്ങൾ ആരിൽനിന്ന് പുറത്തുവന്നുവോ, ആ മനുഷ്യനെ, വസ്ത്രം ധരിച്ചും സുബോധമുള്ളവനായും, യേശുവിന്റെ കാൽക്കൽ ഇരിക്കുന്നതായി കണ്ടെത്തി, അവർ ഭയപരവശരായിത്തീരുകയും ചെയ്തു. |
| ലൂക്കൊ. 8:38 | ഭൂതങ്ങൾ പുറത്തുവന്ന മനുഷ്യൻ, യേശുവിനോടൊപ്പം ആയിരിക്കുവാൻ യാചിച്ചു, എന്നാൽ യേശു, |

3. "വെട്ടുക്കിളികൾ" പുറപ്പെട്ടുവരുന്ന സ്ഥലത്തെ സൂചിപ്പിക്കുവാൻ ഇത് വെളിപ്പാട് 9:1-2-ലും 11-ലും കാണപ്പെടുന്നു, അവയുടെ രാജാവ് അപ്പൊല്ലുവോൻ ആണ്.

| | |
|---|---|
| വെളി. 9:1 | അഞ്ചാമത്തെ ദൂതൻ കാഹളം ഊതി, ആകാശത്തുനിന്ന് ഒരു നക്ഷത്രം ഭൂമിയിൽ വീണുകിടക്കുന്നതു ഞാൻ കണ്ടു, അവന് അഗാധകൂപത്തിന്റെ താക്കോൽ നൽകി. |
| വെളി. 9:2 | അവൻ അഗാധകൂപം തുറന്നു, വലിയ തീച്ചൂളയുടെ പുകപോലെ കൂപത്തിൽനിന്ന് പുക പൊങ്ങി; കൂപത്തിന്റെ പുകയാൽ സൂര്യനും വായുവും ഇരുണ്ടുപോയി. |
| വെളി. 9:11 | അഗാധദൂതൻ അവയ്ക്കുമേൽ രാജാവായുണ്ട്; അവന്റെ പേർ എബ്രായഭാഷയിൽ അബദ്ദോൻ എന്നാകുന്നു; യവനഭാഷയിൽ അവന് അപ്പൊല്ലുവോൻ എന്നും പേരുണ്ട്. |

4. വെളിപ്പാട് 11:7-ലും 17:8-ലും ഇത് എതിർക്രിസ്തുവായ മൃഗം കയറിവരുന്ന സ്ഥലത്തെ സൂചിപ്പിക്കുന്നു.

| | |
|---|---|
| വെളി. 11:7 | തങ്ങളുടെ സാക്ഷ്യം അവർ പൂർത്തിയാക്കിയപ്പോൾ, അഗാധത്തിൽനിന്നു കയറിവരുന്ന മൃഗം അവരോട് യുദ്ധം ചെയ്യുകയും അവരെ ജയിക്കുകയും കൊല്ലുകയും ചെയ്യും. |
| വെളി. 17:8 | നീ കണ്ട മൃഗം ഉണ്ടായിരുന്നതും, ഇപ്പോൾ ഇല്ലാത്തതും, അഗാധത്തിൽനിന്ന് കയറിവന്നു നാശത്തിലേക്കു പോകാനിരിക്കുന്നതും ആകുന്നു. ഉണ്ടായിരുന്നവനും ഇപ്പോൾ ഇല്ലാത്തവനും വരുവാനിരിക്കുന്നവനുമായ മൃഗത്തെ, ലോകസ്ഥാപനം മുതൽ ജീവപുസ്തകത്തിൽ പേർ എഴുതിയിട്ടില്ലാത്ത ഭൂവാസികൾ കാണുമ്പോൾ ആശ്ചര്യപ്പെടും. |

5. വെളിപ്പാട് 20:1-ലും 3-ലും ഇത് സഹസ്രാബ്ദകാലത്ത് സാത്താനെ തള്ളിക്കളയുകയും തടവിലാക്കുകയും ചെയ്യുന്ന സ്ഥലത്തെ സൂചിപ്പിക്കുന്നു.

| | |
|---|---|
| വെളി. 20:1 | പിന്നെ ഞാൻ, കൈയിൽ അഗാധത്തിന്റെ താക്കോലും വലിയ ചങ്ങലയുമുള്ള ഒരു ദൂതൻ സ്വർഗത്തിൽനിന്ന് ഇറങ്ങിവരുന്നതു കണ്ടു. |
| വെളി. 20:3 | ആയിരം സംവത്സരം പൂർത്തിയാകുന്നതുവരെ രാഷ്ട്രങ്ങളെ |

ഇനിമേൽ വഞ്ചിക്കാതിരിക്കേണ്ടതിന്, അവനെ അഗാധത്തിലേക്ക് എറിയുകയും അതിനെ അടച്ച് അവനു മീതെ അതിനെ മുദ്രയിടുകയും ചെയ്തു; ഈ കാര്യങ്ങൾക്കുശേഷം അവനെ അൽപനേരത്തേക്ക് അഴിച്ചു വിടേണ്ടതാകുന്നു.

6. ക്രിസ്തു തന്റെ മരണശേഷവും പുനരുത്ഥാനത്തിനുമുമ്പും സന്ദർശിച്ച സ്ഥലത്തെ റോമർ 10:7-ലെ *അഗാധം* സൂചിപ്പിക്കുന്നു; പ്രവൃത്തികൾ 2:24-ഉം 27-ഉം അനുസരിച്ച് ഈ സ്ഥലം പാതാളമാണ്, കാരണം പ്രവൃത്തികൾ 2:24-ഉം 27-ഉം വെളിപ്പെടുത്തുന്നത് ക്രിസ്തു മരിച്ചതിനുശേഷം പാതാളത്തിലേക്ക് പോകുകയും തന്റെ പുനരുത്ഥാനത്തിൽ ആ സ്ഥലത്തുനിന്ന് അവൻ ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു എന്നാണ്.

റോമ. 10:7 — ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് മുകളിലേക്ക് കൊണ്ടുവരുവാൻ " അഗാധത്തിലേക്ക് ആർ ഇറങ്ങിച്ചെല്ലും?" എന്നോ നിന്റെ ഹൃദയത്തിൽ പറയരുത്.

പ്രവൃ. 2:24 — മരണത്തിന് അവനെ പിടിച്ചുവയ്ക്കുവാൻ അസാധ്യമായിരുന്നതിനാൽ, മരണയാതനകൾ അഴിച്ചുകൊണ്ട് ദൈവം അവനെ ഉയിർപ്പിച്ചു.

പ്രവൃ. 2:27 — എന്തുകൊണ്ടെന്നാൽ നീ എന്റെ ദേഹിയെ പാതാളത്തിൽ ഉപേക്ഷിക്കുകയില്ല, നിന്റെ പരിശുദ്ധനെ ദ്രവത്വം കാണുവാൻ അനുവദിക്കുകയും ഇല്ല.

7. ബൈബിൾപരമായ ഉപയോഗമനുസരിച്ച്, *അഗാധം* എന്ന പദം എല്ലായ്പോഴും മരണത്തിന്റെയും സാത്താന്റെ അന്ധകാരശക്തിയുടെയും മേഖലയെ സൂചിപ്പിക്കുന്നു; അതിലേക്ക്, ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് ക്രിസ്തു തന്റെ മരണശേഷം ഇറങ്ങുകയും (എഫെ. 4:9), അതിനെ അവൻ കീഴടക്കുകയും, അവിടെനിന്ന് തന്റെ പുനരുത്ഥാനത്തിൽ മേലോട്ട് കയറുകയും ചെയ്തു.

എഫെ. 4:9 — ("അവൻ ആരോഹണം ചെയ്തു," എന്നത് അവൻ ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുകയും ചെയ്തു എന്നല്ലാതെ എന്താകുന്നു?

**V. വെളിപ്പാട് 1:18-ൽ കർത്താവായ യേശു പറയുന്നു: "മരണത്തിന്റെയും പാതാളത്തിന്റെയും താക്കോലുകൾ എന്റെ കൈവശമുണ്ട്":**

A. മനുഷ്യന്റെ വീഴ്ചയും പാപവും നിമിത്തം മരണം കടന്നുവരികയും അത് ഇപ്പോൾ ഭൂമിയിൽ എല്ലാ പാപികളായ ആളുകളെ ശേഖരിക്കുവാനും അവരെ മരിച്ചവരെ സൂക്ഷിക്കുന്ന സ്ഥലമായ പാതാളത്തിലേക്ക് കൊണ്ടുവരാനും വ്യാപരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

B. എങ്കിലും സഭാജീവിതത്തിൽ, നാം ഇനി മരണത്തിനും പാതാളത്തിനും വിധേയരല്ല—ഫിലി. 3:10-11.

ഫിലി. 3:10 — അവന്റെ മരണത്തോട് അനുരൂപപ്പെട്ടുകൊണ്ട്, അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിഞ്ഞ്,

ഫിലി. 3:11 — മരിച്ചവരിൽ നിന്നുള്ള വിശേഷ പുനരുത്ഥാനം ഞാൻ എങ്ങനെയെങ്കിലും പ്രാപിക്കേണ്ടതിന്, അവൻ നിമിത്തം ഞാൻ സകലത്തിന്റെയും നഷ്ടം സഹിച്ച് അവ ചവറെന്ന് എണ്ണുന്നു.

C. ക്രിസ്തു ക്രൂശിൽവച്ച് മരണത്തെ ഇല്ലാതാക്കുകയും, തന്റെ പുനരുത്ഥാനത്തിൽ അവൻ പാതാളത്തെ ജയിക്കുകയും ചെയ്തു:

1. ക്രിസ്തുവിനെ പിടിച്ചുവയ്ക്കുവാൻ മരണം പരമാവധി ശ്രമിച്ചെങ്കിലും, അങ്ങനെ ചെയ്യുവാൻ അത് അശക്തമായിരുന്നു—പ്രവൃ. 2:24.

| | |
|---|---|
| പ്രവൃ. 2:24 | മരണത്തിന് അവനെ പിടിച്ചുവയ്ക്കുവാൻ അസാധ്യമായിരുന്നതിനാൽ, മരണയാതനകൾ അഴിച്ചുകൊണ്ട് ദൈവം അവനെ ഉയിർപ്പിച്ചു. |

2. ക്രിസ്തു അനശ്വരമായ ജീവൻ കൈവശമുള്ള (യോഹ. 1:1; 11:25), ദൈവവും പുനരുത്ഥാനവുമാണ് (എബ്രാ. 7:16).

| | |
|---|---|
| യോഹ. 1:1 | ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു. |
| യോഹ. 11:25 | യേശു അവളോട്, ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിലേക്ക് വിശ്വസിക്കുന്നവൻ മരിക്കേണ്ടിവന്നാലും, ജീവിക്കും; |
| എബ്രാ. 7:16 | അവനെ ജഡമയമായ കൽപനയുടെ പ്രമാണത്തിനൊത്തവണ്ണമല്ല, അനശ്വരമായ ജീവന്റെ ശക്തിക്കൊത്തവണ്ണമത്രേ നിയമിച്ചിരിക്കുന്നത്. |

3. അവൻ ഇങ്ങനെയുള്ള എന്നേക്കും ജീവിക്കുന്നവനായതുകൊണ്ട്, മരണത്തിന് അവനെ പിടിച്ചുവയ്ക്കുവാൻ കഴിയില്ല.
4. ക്രിസ്തു തന്നെത്താൻ മരണത്തിന് ഏല്പിച്ചുകൊടുത്തു, എന്നാൽ അവനെ പിടിച്ചുനിർത്തുവാൻ മരണത്തിന് ഒരു മാർഗവുമില്ലായിരുന്നു; പകരം, മരണത്തെ അവൻ പരാജയപ്പെടുത്തുകയും അവൻ അതിൽനിന്ന് ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു.
5. അതുകൊണ്ട്, ക്രിസ്തുവിനെ സംബന്ധിച്ചിടത്തോളം, മരണത്തിന് ഒരു വിഷമുള്ളുമില്ല, പാതാളത്തിന് ശക്തിയുമില്ല.

D. സഭയിൽ മരണത്തിന്റെയും പാതാളത്തിന്റെയും താക്കോലുകൾ കൈവശം വച്ചിരിക്കുന്നവൻ ക്രിസ്തു ആയതുകൊണ്ട്, മരണത്തിനും പാതാളത്തിനും നമ്മുടെമേൽ യാതൊരു ശക്തിയും ഉണ്ടായിരിക്കരുത്.

E. സഭാജീവിതത്തിൽ മരണത്തിന്റെയും പാതാളത്തിന്റെയും താക്കോലുകൾ കർത്താവിന്റെ കൈയിലാണ്.

F. മരണത്തോട് ഇടപെടുവാൻ നമുക്ക് അസാധ്യമാണ്:

1. അതിനെ കൈകാര്യം ചെയ്യാനുള്ള പ്രാപ്തി നമുക്കില്ല.
2. മരണം പ്രവേശിക്കുമ്പോഴെല്ലാം, അനേകർ അതിനാൽ പരാജിതരാകും.

G. കർത്താവായ യേശുവിന് നമ്മൾ അടിത്തറയും, അവസരവും, നമ്മുടെ ഇടയിൽ നീങ്ങുവാനും പ്രവർത്തിക്കാനുമുള്ള സ്വതന്ത്ര വഴിയും നൽകുന്നുവെങ്കിൽ, മരണവും പാതാളവും അവന്റെ നിയന്ത്രണത്തിൻ കീഴിലായിരിക്കും—മത്താ. 16:18; വെളി. 20:14:

| | |
|---|---|
| മത്താ. 16:18 | നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു. |
| വെളി. 20:14 | മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിലേക്ക് എറിഞ്ഞു കളഞ്ഞു. ഇതാകുന്നു തീപ്പൊയ്ക എന്ന രണ്ടാമത്തെ മരണം. |

1. കർത്താവായ യേശുവിന് സഭയിൽ അടിത്തറയില്ലെങ്കിൽ, ഉടനെ മരണം പ്രബലമായിത്തീരുകയും, മരിച്ചവരെ പിടിച്ചുവയ്ക്കുവാൻ പാതാളം ശക്തമായിത്തീരുകയും ചെയ്യും.

2. ക്രിസ്തുവിന് താക്കോലുകൾ, മരണത്തിന്റെയും പാതാളത്തിന്റെയും അധികാരം, ഉണ്ടെന്ന് കാണുന്നത് നമുക്ക് നിർണായകമാണ്—യോഹ. 5:27; 17:2; വെളി. 12:10.

| | |
|---|---|
| യോഹ. 5:27 | അവൻ മനുഷ്യപുത്രൻ ആയതുകൊണ്ട്, ന്യായവിധി നടപ്പാക്കുവാൻ അവന് അധികാരം നൽകി. |
| യോഹ. 17:2 | നീ അവനു നൽകിയിരിക്കുന്ന എല്ലാവർക്കും നിത്യജീവൻ കൊടുക്കുവാൻ, നീ സകല ജഡത്തിന്മേലും അവന് അധികാരം നൽകിയിരിക്കുന്നതു പോലെതന്നെ. |
| വെളി. 12:10 | അപ്പോൾ ഞാൻ സ്വർഗത്തിൽ ഒരു മഹാശബ്ദം പറഞ്ഞു കേട്ടത്, ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവന്റെ ക്രിസ്തുവിന്റെ അധികാരവും വന്നിരിക്കുന്നു, എന്തെന്നാൽ നമ്മുടെ സഹോദരന്മാരെ രാപ്പകൽ നമ്മുടെ ദൈവത്തിനു മുമ്പാകെ കുറ്റം ചുമത്തുന്ന ആരോപകനെ താഴേക്ക് എറിഞ്ഞുകളഞ്ഞിരിക്കുന്നു. |

3. മരണം അവന് വിധേയവും, പാതാളം അവന്റെ നിയന്ത്രണത്തിൻകീഴിലുമാണ്.

H. മരണത്തിന്റെയും പാതാളത്തിന്റെയും താക്കോലുകൾ ക്രിസ്തുവിന്റെ പക്കലുള്ളതിനായി നാം കർത്താവിനെ സ്തുതിക്കണം—1:18; എബ്രാ. 13:15; 1 പത്രൊ. 1:7; വെളി. 19:5-6.

| | |
|---|---|
| വെളി. 1:18 | ജീവനുള്ളവനും ആകുന്നു; ഞാൻ മരിച്ചവനായിത്തീർന്നു, ഇതാ എന്നെന്നേക്കും ജീവിക്കുന്നു; മരണത്തിന്റെയും പാതാളത്തിന്റെയും താക്കോലുകൾ എന്റെ കൈവശമുണ്ട്. |
| എബ്രാ. 13:15 | അങ്ങനെ അവനിലൂടെ അവന്റെ നാമത്തെ ഏറ്റുപറയുന്ന, അധരഫലം എന്ന സ്തോത്രയാഗം നമുക്ക് ഇടവിടാതെ ദൈവത്തിന് അർപ്പിക്കാം. |
| 1 പത്രൊ. 1:7 | അങ്ങനെ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന, തീയാൽ ശോധന ചെയ്യപ്പെടുന്നതെങ്കിലും, നശിച്ചുപോകുന്ന പൊന്നിനെക്കാൾ അധികം വിലയേറിയതായി, യേശു ക്രിസ്തുവിന്റെ വെളിപാടിൽ പുകഴ്ച്ചയ്ക്കും തേജസ്സിനും മാനത്തിനുമായി കാണപ്പെടേണ്ടതിനു തന്നെ; |
| വെളി. 19:5 | ദൈവത്തിന്റെ സകല അടിമകളും, ചെറിയവരും വലിയവരുമായി അവനെ ഭയപ്പെടുന്നവരുമേ, നമ്മുടെ ദൈവത്തെ സ്തുതിക്കുവിൻ എന്നു പറഞ്ഞുകൊണ്ട് സിംഹാസനത്തിൽ നിന്നൊരു ശബ്ദം പുറപ്പെട്ടു. |
| വെളി. 19:6 | അപ്പോൾ വലിയോരു പുരുഷാരത്തിന്റെ ഘോഷംപോലെയും പെരു വെള്ളത്തിന്റെ ഇരച്ചിൽ പോലെയും ശക്തിയേറിയ ഇടിമുഴക്കങ്ങളുടെ ശബ്ദം പോലെയും ഞാൻ കേട്ടത്, ഹല്ലേലൂയ്യാ! സർവശക്തനായ നമ്മുടെ ദൈവമായ കർത്താവു വാഴുന്നു. |